# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1564 18.06.12-ലെ മറുപടിയ്ക്ക്

### തദ്ദേശസ്വയം ഭരണ വകുപ്പ് വിവിധ മന്ത്രിമാർക്കായി വിഭജിച്ച് നൽകിയത്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി.അബ്ദുൾഖാദർ | ശ്രീ.ഉമ്മൻചാണ്ടി (ബഹു:മുഖ്യമന്ത്രി) |
| (എ) തദ്ദേശസ്വയം ഭരണ വകുപ്പ് വിവിധ മന്ത്രിമാർക്കായി വിഭജിച്ച് നൽകിയതു മൂലമുളള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു; | (എ) വിവിധവിഷയങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതിനും കാര്യ ക്ഷമത വർദ്ധിപ്പിക്കുന്നതിനു മായി തദ്ദേശസ്വയം ഭരണ വകുപ്പിന്റെ ഭരണചുമതല ഒന്നി ലധികം മന്ത്രിമാർക്ക് വിഭജിച്ച് നൽകിയിട്ടുണ്ട്. ഗവൺമെന്റ് തലത്തിൽ ഒരു പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറി എന്നിവര ടങ്ങുന്ന ഏക വകുപ്പായാണ് ഇപ്പോഴും തുടരുന്നത്. ബന്ധപ്പെട്ട മന്ത്രിമാർക്ക് സെക്രട്ടറിമാർ ഫയലുകൾ സമർപ്പിച്ചുവരുന്നു. കൂടാതെ നിലവിലുള്ള പഞ്ചായത്ത്, നഗരകാര്യം,ഗ്രാമവികസനംതുടങ്ങിയ വകുപ്പുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടുള്ള വിഷയങ്ങളിൽ ഏകോപനം ആവശ്യമായിവരുന്ന പക്ഷം തീരുമാനം എടുക്കുന്നതിന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മന്ത്രിമാരായ ശ്രീ.പി.കെ. കുഞ്ഞാലി |

കുട്ടി, ശ്രീ.കെ.സി. ജോസഫ്, ശ്രീ.എം.കെ മുനീർ എന്നിവരുൾപ്പെടുന്ന ഒരു ഉപസമിതി രൂപീകരിച്ചിട്ടുമുണ്ട്. മാത്രമല്ല, ബന്ധപ്പെട്ട മൂന്ന് മന്ത്രിമാരും വിവിധ വകുപ്പു പ്രതിനിധികളുമടങ്ങിയ കോ-ഓർഡിനേഷൻ കമ്മിറ്റി സംവിധാനവുമുണ്ട്. കോ-ഓർഡിനേഷൻ കമ്മിറ്റി ആവശ്യമനുസരിച്ച് മിക്കവാറും എല്ലാ ആഴ്ചയിലും കൂടുന്നുണ്ട്.

| | |
|---|---|
| (ബി) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് തീരുമാനിച്ചത് പ്രാവർത്തികമായിട്ടുണ്ടോ; | (ബി) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മന്ത്രിസഭാ ഉപസമിതി യോഗം ചേർന്ന് പ്രശ്നങ്ങൾ പരിഹരിക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ